# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 2360** **08.12.2015- ൽ മറുപടിക്ക്**

## കൈത്തറി വ്യവസായ സഹകരണ സംഘങ്ങൾ

| ചോദ്യം<br>ശ്രീ.കെ.അജിത് | ഉത്തരം<br>ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|
| (എ) വ്യവസായ വകുപ്പിന് കീഴിൽ ഏതെല്ലാം കൈത്തറി വ്യവസായ സഹകരണ സംഘങ്ങളാണ് പ്രവർത്തിക്കുന്നതെന്നും സംഘങ്ങളുടെ കഴിഞ്ഞ 3 വർഷത്തെ കണക്കുകൾ എത്രയെന്നും വ്യക്തമാക്കുമോ; | (എ) വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കൈത്തറി സംഘങ്ങളുടെ ലിസ്റ്റ് അനുബന്ധം(1) ആയി ചേർത്തിരിക്കുന്നു. കൈത്തറി സംഘങ്ങളുടെ കഴിഞ്ഞ 3 വർഷത്തെ ഉൽപാദനവും വിൽപനയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു. |
| (ബി) കൈത്തറി സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും പ്രസ്തുത രംഗം മെച്ചപ്പെടുത്താൻ കേന്ദ്രസർക്കാർ സഹായം ഏതെങ്കിലും ലഭിച്ചിട്ടുണ്ടോ എന്നുമുള്ള വിശദാംശങ്ങൾ അറിയിക്കുമോ? | (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൈത്തറി സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ താഴെ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.<br>1. സംഘങ്ങളിലെ നെയ്ത്തുകാരുടെ ഉൽപാനദക്ഷമത വർദ്ധിപ്പിക്കുന്നതിനായി നെയ്ത്തുകാർക്കും മറ്റ് തൊഴിലാളികൾക്കും പ്രചോദന പരിപാടി നടപ്പിലാക്കിയിട്ടുണ്ട്.<br>2. കൈത്തറി ഉൽപന്നങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും സംഘത്തിലെ നെയ്ത്തുകാർക്ക് സ്കിൽ അപ്ഗ്രഡേഷൻ ട്രെയിനിംഗ് നടപ്പിലാക്കിയിട്ടുണ്ട്.<br>3. കൂടുതൽ ഗുണമേന്മയുള്ളതും ആകർഷകവുമായ ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിന് മൂല്യ വർദ്ധിത പദ്ധതി സംഘങ്ങൾക്കായി നടപ്പിലാക്കിയിട്ടുണ്ട്.<br>4. വിപണനം മെച്ചപ്പെടുത്തുന്നതിന് പ്രാഥമിക സംഘങ്ങളുടെ ഷോറൂമുകൾ നവീകരിക്കുന്നതിനായി സഹായം നൽകി. പുതിയ ഷോറൂമുകൾ നിർമ്മിക്കുന്നതിനും പ്രാഥമിക സംഘങ്ങൾക്ക് സഹായം നൽകി. ജില്ലകൾ തോറും ഉത്സവ സീസണുകളിൽ ഹാന്റ്ലൂം എക്സ്പോ നടത്തുന്നതിന് നടപടികൾ എടുത്തു. 2012-13 മുതൽ കേന്ദ്രസഹായത്തോടെ നാഷണൽ ഹാന്റ്ലൂം എക്സ്പോ നടത്തി വരുന്നു. |

5. നെയ്ത്തുകാരുടെ അഭാവം പരിഹരിക്കുന്നതിനായി നെയ്ത്തിൽ താൽപര്യമുള്ള പുതിയ ആൾക്കാർക്ക് പരിശീലനം നടത്തി നെയ്ത്തുകാരെ സജ്ജമാക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

6. കേന്ദ്രഗവൺമന്റിന്റെ റിവൈവൽ, റീഫോം & റീസ്ട്രക്ചറിംഗ് പാക്കേജ് പദ്ധതി ഉപയോഗിച്ച് 357 സംഘങ്ങളെയും 1117 വ്യക്തിഗതനെയ്ത്തു യൂണിറ്റുകളെയും ഹാന്റക്സിനെയും പുനരുദ്ധരിച്ചു. ഈ പദ്ധതി അനുസരിച്ച് 2010 മാർച്ച് വരെയുള്ള സംഘങ്ങളുടെയും വ്യക്തിഗത യൂണിറ്റുകളുടെയും ഹാന്റക്സിന്റെയും 100% ബാങ്ക് ലോണും 25% പലിശയും ഒഴിവാക്കി. ഈ പദ്ധതി അനുസരിച്ച് കേന്ദ്രഗവൺമെന്റ് 165.34 കോടി രൂപയും സംസ്ഥാന ഗവൺമെന്റ് 45.31 കോടി രൂപയും ചെലവഴിച്ചു. റിവൈവൽ, റീഫോം & റീസ്ട്രക്ചറിംഗ് പാക്കേജ് അനുസരിച്ച് 165.34 കോടി രൂപ കേന്ദ്രസഹായമായി ലഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്